**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3327** **08-10-2025 - ൽ മറുപടിയ്ക്ക്**

**ദേശീയ പാത 66 അഴിയൂർ വെങ്ങളം റീച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ പാത 66ന്റെ അഴിയൂർ വെങ്ങളം റീച്ചിൽ സർവീസ് റോഡിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ഡ്രൈനേജുകളുടെ കവറിംഗ് സ്ലാബുകൾക്ക് ഉറപ്പ് കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ദേശീയ പാത 66ന്റെ അഴിയൂർ വെങ്ങളം റീച്ചിൽ സർവീസ് റോഡിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ഡ്രൈനേജുകളുടെ കവറിംഗ് സ്ലാബുകളുടെ നിലവാരക്കുറവ് ശ്രദ്ധയിൽപെട്ടതിനെത്തുടർന്ന് നിർവഹണ ഏജൻസിയായ ദേശീയപാത അതോറിറ്റി സ്ലാബുകളുടെ ഡിസൈൻ അവലോകനം ചെയ്യുന്നതിന് NIT കോഴിക്കോട് ന്റെ സാങ്കേതിക സഹായം തേടിയിരുന്നു. NIT കോഴിക്കോട് ന്റെ അഭിപ്രായമനുസരിച്ച് സ്ലാബുകളുടെ രൂപകൽപന, ഡ്രായിംഗ് എന്നിവ പരിഷ്കരിച്ച ശേഷം പുതുക്കിയ രൂപകൽപന അനുസരിച്ച് നിർമ്മാണം പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉറപ്പ കുറഞ്ഞ സ്ലാബുകൾ വാഹനങ്ങൾ കയറി തകർന്ന അവസ്ഥ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ